**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 777** **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ പുനരുദ്ധാരണ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ പുനരുദ്ധാരണ നിധി രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ പുനർജീവിപ്പിക്കുന്നതിനായി പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്യേശ്യലക്ഷ്യം. |
| (ബി) | പ്രസ്തുത നിധി രൂപീകരിച്ചതിലൂടെ നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക തിരികെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ പുനർജീവിപ്പിക്കുന്നതിനായി പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്യേശലക്ഷ്യം. |
| (സി) | പൂട്ടിപ്പോയ സഹകരണ സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയതു മൂലം പ്രസ്തുത സ്ഥാപനങ്ങളിൽ നിക്ഷേപിച്ചവർക്ക് തുക നഷ്ടമായ വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പൂട്ടിപ്പോയ സഹകരണ സ്ഥാപനങ്ങളെക്കൂടി ഈ നിധിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണവകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് സമർപ്പിക്കുന്നമുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 ന്റെ സ്കീമിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിധിയിലേക്ക് തുക കണ്ടെത്തുന്നത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണെന്ന് വിശദമാക്കാമോ; വിവിധ സ്രോതസ്സുകളിൽ നിന്നായി | (ഡി) | പുനരുദ്ധാരണ നിധിയുടെ സ്രോതസ്സുകൾ ചുവടെ പറയും പ്രകാരമാണ്. |

| | | | |
|---|---|---|---|
| | നാളിതുവരെ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ? | | I. 1969 ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 56 (1)(a)പ്രകാരം രൂപീകരിച്ചിട്ടുള്ള റിസർവ്വ് ഫണ്ടിൽ നിന്നുള്ള 50% ൽ അധികരിക്കാത്ത തുക.<br><br>II. കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അറ്റലാഭത്തിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന അഗ്രികൾച്ചർ സ്റ്റെബിലൈസേഷൻ ഫണ്ടിന്റെ 5 0% ൽ അധികരിക്കാത്ത തുക.<br><br>III. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക.<br><br>VI. ഈ പദ്ധതിയിൽ പ്രസ്താവിക്കും പ്രകാരം ലഭിക്കുന്ന മറ്റ് തുകകൾ.<br><br>പുനരുദ്ധാരണ നിധിയുടെ ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ